(ഡി) വിവിധ ഘട്ടങ്ങളിലായാണ് പദ്ധതി പ്രകാരം പട്ടയങ്ങൾ നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും നടന്നുകഴിഞ്ഞു. രണ്ടാം ഘട്ട പട്ടയവിതരണത്തിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. 2015 ഡിസംബർ മാസത്തോടു കൂടി പദ്ധതി പ്രകാരമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനാണ് ലക്ഷ്യം വയ്ക്കുന്നത്.

വനാതിർത്തിയിലെ കൃഷിഭൂമിക്ക് നികുതി അടയ്ക്കാൻ സൗകര്യം

159(4790) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കൂരാച്ചുണ്ട്, പനങ്ങാട് ഗ്രാമപഞ്ചായത്തുകളിലെ വനാതിർത്തിയിലെ കൃഷിഭൂമിക്ക് നികുതി സ്വീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നടന്ന ഉന്നതതലയോഗ തീരുമാനപ്രകാരം പ്രത്യേക സർവ്വേ ടീം രൂപീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സർവ്വേ ടീം വനാതിർത്തി നിർണ്ണയം പൂർത്തിയാക്കിയോ;

(ഡി) കർഷകരുടെ നികുതി സ്വീകരിക്കുന്നതിനും ഭൂരേഖകൾ നൽകുന്നതിനും ഇനിയും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത നടപടികൾ പെട്ടെന്ന് പൂർത്തിയാക്കാൻ നിർദ്ദേശിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ/വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെ പ്രത്യേക സർവ്വേ ടീം രൂപീകരിച്ചിട്ടുണ്ട്.

(സി) 2015 ഫെബ്രുവരി 5-ന് മുമ്പ് പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) 1-1-1977-ന് മുമ്പ് കൈവശം വെച്ചുവരുന്നവരുടെ ഭൂമിയുടെ അതിർത്തി തിരിച്ച് കല്ലിടൽ പ്രവൃത്തി പൂർത്തിയാകുന്നതോടെ കർഷകരുടെ നികുതി സ്വീകരിക്കുന്നതിനും ഭൂരേഖകൾ [illegible] നുമുള്ള തടസ്സങ്ങൾ നീങ്ങുന്നതാണ്.

(ഇ) 2015 ഫെബ്രുവരി 5-ന് [illegible] പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly